# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*161 14/08/2017-ൽ മറുപടിക്ക്

## ടെലിസ്ട്രോക്ക് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | പക്ഷാഘാതം ഉണ്ടാകുന്ന രോഗികൾക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് തുടങ്ങിയ ടെലിസ്ട്രോക്ക് പദ്ധതി ഏതൊക്കെ ജില്ലാ ആശുപത്രികളിലാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്; | എ) | തിരുവനന്തപുരം ജനറൽ ആശുപത്രി, പത്തനംതിട്ട ജില്ല ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ടെലിസ്ട്രോക്ക് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയുണ്ടായി. |
| ബി) | പ്രസ്തുത പദ്ധതി തിരുവനന്തപുരം, കണ്ണൂർ ജില്ലാ ആശുപത്രികളിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നോ; | ബി) | ടെലിസ്ട്രോക്ക് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയും രണ്ടാം ഘട്ടത്തിൽ കണ്ണൂർ ജില്ലാ ആശുപത്രിയും ഉൾപ്പെടുത്തിയിരുന്നു. |
| സി)<br><br>ഡി) | എങ്കിൽ പ്രസ്തുത തീരുമാനം ഇതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; അടിയന്തരമായി ഈ പദ്ധതി പ്രസ്തുത ആശുപത്രികളിൽ ആരംഭിക്കുമോ;<br><br>എല്ലാ ജില്ലാ ആശുപത്രികളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ? | സി)<br>&<br>ഡി) | സ്ട്രോക്ക് ചികിത്സ അത്യന്തം സങ്കീർണ്ണമായ ചികിത്സാ രീതിയാണ്. ഇതു കണ്ടെത്തുന്നതിന് സി.റ്റി. സ്കാൻ സംവിധാനം ഉണ്ടായിരിക്കേണ്ടതും, അതിൽ പക്ഷാഘാതത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ കണ്ടെത്തുന്നതിനുള്ള വൈദഗ്ദ്ധ്യവും ആവശ്യമാണ്. ഇതിനുള്ള പരിശീലനം ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിലെ ഫിസിഷ്യൻമാർക്ക് നൽകുകയുണ്ടായി. ടെലിമെഡിസിൻ |

| | | | |
|---|---|---|---|
| | | | സംവിധാനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തി മറ്റ ആശുപത്രികളിലെ ന്യൂറോളോജിസ്റ്റുകളുമായി സംവദിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സാങ്കേതികപരമായ കാരണങ്ങളാൽ തിരുവനന്തപുരത്തും മാനന്തവാടിയിലും, രണ്ടാം ഘട്ടത്തിൽ ആരംഭിക്കേണ്ട കണ്ണൂരും ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. 2015 ഒക്ടോബറിൽ പദ്ധതി മരവിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഭാഗികമായി തടസപ്പെട്ടിരുന്നു. എന്നാൽ പദ്ധതി പുനരാരംഭിക്കുകയും, NHM പദ്ധതിയുമായി സഹകരിച്ച് കൊണ്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 'ടെലിസ്ട്രോക്ക്' പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ